# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ:387

24.06.2019-ലെ മറുപടി

## കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ദാസൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.എം. മുകേഷ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തുണ്ടാകുന്ന കുടിവെള്ളക്ഷാമം കാര്യക്ഷമമായി പരിഹരിക്കുന്നതിന്റെ ഭാഗമായി കിണർ റീ-ചാർജ്ജ്, മഴവെള്ള കൊയ്ത്ത് തുടങ്ങിയ പരിപാടികൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തുണ്ടാകുന്ന കുടിവെള്ളക്ഷാമം കാര്യക്ഷമമായി പരിഹരിക്കുന്നതിനായി കെ. ആർ. ഡബ്ല്യൂ .എസ് എയുടെ കീഴിലുള്ള മഴകേന്ദ്രം (Rain Centre) വഴി 'മഴവെള്ള സംഭരണത്തിനും ഭൂജലപരിപോഷണത്തിനുമായി കിണർ റീചാർജിങ്ങും മഴവെള്ള കൊയ്ത്തും നടത്തി വരുന്നു. നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്തെ ആറു ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിൽ മഴവെള്ളം സംഭരിച്ചുള്ള കിണർ റീചാർജിംഗ് പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട് .ഈ പഞ്ചായത്തുകളിലെ 8500 കുടുംബങ്ങളിലെ തുറന്ന കിണറുകൾക്കാണ് കിണർ റീചാർജിംഗ് സംവിധാനം ഏർപ്പെടുത്തുന്നത്. മഴക്കൊയ്ത്ത് പദ്ധതിയുടെ ഭാഗമായി ഏഴ് ജില്ലകളിലെ പത്ത് ഗ്രാമപഞ്ചായത്തുകളിൽ 1000 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാൻ സഹായകരമായ സംഭരണികൾ ഗുണഭോക്തൃ വിഹിതം സമാഹരിച്ചു കൊണ്ട് നിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഘട്ടം ഘട്ടമായി സംസ്ഥാനമൊട്ടാകെ ഈ പദ്ധതി വ്യാപകമാക്കുവാനും സർക്കാർ ലക്ഷ്യമിടുന്നു .<br>കുടിവെള്ള സ്രോതസ്സുകളിൽ മഴയുടെ തോത് അനുസരിച്ച് ജല ലഭ്യതയിലെ ഏറ്റക്കുറച്ചിലുകൾ ഒഴിവാക്കുന്നതിനായി ശാശ്വതവും പാരിസ്ഥിതിക സൗഹൃദവുമായ രീതികളായ ചെക്കുഡാമുകളുടേയും |

| | | | |
|---|---|---|---|
| | | | റഗുലേറ്ററുകളുടേയും നിർമ്മാണം, ദൃശ്യ-ശ്രവ്യ-മാധ്യമങ്ങൾ, ലഘു ലേഖകൾ, കൈപ്പുസ്തകം എന്നിവ വഴിയുള്ള ബോധവത്കരണ പരിപാടികൾ, മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം സാധ്യമായ സ്ഥലങ്ങളിലെല്ലാം സംഭരിച്ച് ഉപയോഗിക്കുവാനുള്ള സംവിധാനങ്ങൾ, എന്നിവ കേരള വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കി വരുന്നു.<br>തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) നീർത്തട ഘടകം പദ്ധതിയിലൂടെ 83 പ്രോജക്ടുകളിലായി 4.25 ലക്ഷം ഹെക്ടർ പ്രദേശത്ത് വിവിധ ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തി വരുന്നു. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ, ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ ജല സുഭിക്ഷ-സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | വ്യക്തിഗതകുടുംബങ്ങൾക്ക് മഴവെള്ള സംഭരണി നിർമ്മിച്ച് നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്; വ്യക്തിഗത കുടുംബങ്ങൾക്ക് മഴവെള്ളസംഭരണി നിർമ്മിച്ചു നല്കുന്ന പദ്ധതി ജലനിധിയുടെ ഭാഗമായ മഴകേന്ദ്രം (Rain Centre) വഴി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ആനുകൂല്യം ഇതിനോടകം സംസ്ഥാനത്തെ 34 ഗ്രാമപഞ്ചായത്തുകളിലെ 7100 കുടുംബങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികളാണ് ഓരോ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളുടെയും പുരയിടത്തിൽ നിർമ്മിച്ചു നല്കിയിരിക്കുന്നത്. അത്തരം കുടുംബങ്ങൾക്ക് മഴക്കാലത്ത് സംഭരണിയിൽ ശേഖരിക്കുന്ന മഴവെള്ളം യഥേഷ്ടം എടുത്ത് ഉപയോഗിക്കുവാൻ സാധിക്കുന്നു. കൂടാതെ സംഭരിച്ചു വയ്ക്കുന്ന മഴവെള്ളം വേനൽ മാസങ്ങളിൽ ചിട്ടയോടെ ഉപയോഗിക്കുന്നതിലൂടെ കുടിവെള്ളക്ഷാമത്തിന് പരിഹാരവുമാകുന്നു . |
| (സി) | മലയോര തീരദേശ മേഖലകളിൽ കുടിവെള്ളത്തിന് ഏറെ ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; | (സി) | മലയോര മേഖലയിലും തീരദേശ മേഖലയിലും കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതികൾ കേരളാ വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കി വരുന്നു. ഈ പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പാക്കുന്നതിലേക്കായി കേന്ദ്ര സഹായത്തോടെയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി, സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതികൾ, നബാർഡ്, കിഫ്ബി, അമൃത് മറ്റു സാമ്പത്തിക ഏജൻസികൾ, ഗ്രാമപഞ്ചായത്ത്, എസ്.സി./എസ്.റ്റി. വികസന വകുപ്പുകൾ, തീരദേശ വികസന കോർപ്പറേഷൻ എന്നിവ മുഖേനയുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>തീരദേശ മേഖലകളിലെ കുടിവെള്ള പദ്ധതിയ്ക്കുവേണ്ടി Kerala State Coastal Area Development Corporation (KSCADC) വഴി 108 പദ്ധതികൾക്ക് കേരള വാട്ടർ അതോറിറ്റിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 97 പദ്ധതികൾ പൂർത്തീകരിക്കുകയും 6 പദ്ധതികൾ വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കുകയും ചെയ്തു. 5 പദ്ധതികൾ നടന്നു വരുന്നു. മലയോര മേഖലയിലും തീരദേശ മേഖലയിലും കുടിവെള്ളം ലഭ്യമാക്കുന്നതിനായി ഇപ്പോൾ ചെറുതും വലുതുമായ 196 ഓളം പദ്ധതികൾ നടന്നു വരുന്നു.<br>ജലനിധി വഴി നടപ്പിലാക്കുന്ന മഴവെള്ള സംഭരണം-ഭൂജല പരിപോഷണം പദ്ധതിയുടെ ആനുകൂല്യത്തിനായി ഗ്രാമ പഞ്ചായത്തുകളെ തിരഞ്ഞെടുക്കുമ്പോൾ മലയോര/തീരദേശ ഗ്രാമ പഞ്ചായത്തുകൾക്കും കുടിവെള്ള പദ്ധതികളുടെ കവറേജ് ഏറ്റവും കുറവുള്ള ഗ്രാമ പഞ്ചായത്തുകൾക്കും മുൻഗണന നൽകാറുണ്ട്. |
| (ഡി) | പട്ടിക ജാതി, പട്ടിക വർഗ്ഗ കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ കേരള വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളിൽ കൂടി പ്രസ്തുത പദ്ധതി പ്രദേശങ്ങളിലെ പട്ടികജാതി, പട്ടിക വർഗ്ഗ കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സാധിക്കുന്നുണ്ട്. ഇതിലുൾപ്പെടാത്ത പട്ടികജാതി കോളനി കളിലേയ്ക്ക് രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേക്കായി എസ്.സി., എസ്.ടി. ഡിപ്പാർട്ട്മെന്റ്, മറ്റു ഡിപ്പോസിറ്റുകൾ മുഖേന 92 ഓളം പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. ഇവയിൽ ചില പദ്ധതികളിൽ നൂതന സാങ്കേതിക വിദ്യകളായ ആട്ടോമേഷൻ, സോളാർ പമ്പുകൾ എന്നിവ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലേയ്ക്ക് മാത്രമായി നടപ്പിലാക്കുന്ന പദ്ധതികളുടെ |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. പട്ടികജാതി /പട്ടികവർഗ കോളനികളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ജലനിധി വഴി നടപ്പ സാമ്പത്തിക വർഷം രണ്ട് കോളനികളിൽ പരീക്ഷണാടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി മാനേജ്ഡ് മഴവെള്ള സംഭരണി നിർമ്മിച്ച് നല്കാൻ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട് .പ്രസ്തുത പദ്ധതിയുടെ വിജയ പരാജയങ്ങൾ കണക്കിലെടുത്ത് തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ കോളനികളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി എടുക്കുന്നതായിരിക്കും. ജലനിധി രണ്ടാം ഘട്ടത്തിൽ പട്ടികജാതി, പട്ടിക വർഗക്കാരുടെ കുടിവെള്ളക്ഷാമം പരിഹരിയ്ക്കുന്നതിന് ആവശ്യാധിഷ്ഠിതമായി ജലനിധി പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ വയനാട്ടിലും ഇടുക്കിയിലും ഉള്ള 19 ജലനിധി പഞ്ചായത്തുകളിൽ ട്രൈബൽ ഡവലപ്പ്മെന്റ് പദ്ധതികളും നടപ്പിലാക്കി വരുന്നു |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

## പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ

| Sl. No | Name of scheme | AS amount |
|---|---|---|
| 1 | SCP CORPUS fund 2016-17- Extension of pipeline to Onthupacha SC colony in Kulathupuzha pt. | 300000 |
| 2 | SCP-Corpus fund 2016-17 -Providing water supply to Chethady Myladumpara vellachal colony ward No.IV in Melila panchayath | 2475000 |
| 3 | SCP-CORPUS FUND (2016-17) Providing water supply to Melila North Moolavattom Vadakkekara ward No. VI in Melila Panchayath | 2475000 |
| 4 | SCP- CORPUS-Providing water supply to Melila South Panambila Colony ward No. VIII in Melila Panchayath | 2485000 |
| 5 | SCP Corpus Fund - Providing water supply facility to Kallumpuram SC colony in Ward. No. I Archal in Yeroor Grama panchayath. | 1100000 |
| 6 | SCP-CORPUS FUND (2016-17) Providing water supply to Melila North Moolavattom Vadakkekara ward No. VI in Melila Panchayath | 2475000 |
| 7 | SCP-CORPUS FUND (2016-17) Providing water supply to Melila North Moolavattom Vadakkekara ward No. VI in Melila Panchayath | 2475000 |
| 8 | SCP Extension of 50mm PVC pipe lines Mavila colony at Kannimel ward in Pattazhy Panchayath | 236800 |
| 9 | SCP Copus fund_CARWSS to Kulathupuzha & Adjoining village-pipe line extension to **Nettayam Ponnamkodu SC colony** in Yeroor Grama panchayath | 560000 |
| 10 | SCP Corpus Fund_Providig Water Supply Facility to KSKTU SC Colony in Kummil Panchayath Vattathamara ward | 1550000 |
| 11 | SCP CORPUS fund -Extension of 50mm PVC pipe lines Kurakode colony in Kunnikode ward in Vilakkudy Panchayath. | 796600 |
| 12 | SCP Corpus Fund- Kulakkada Grama panchayath - ARWSS to Kulakkada Pavithreswaram pt.-Pipe line Extention and providing individual water supply connection to SC families in Thekkummukal colony in Kulakkada panchayath | 348000 |
| 13 | SCP Corpus fund- Providing Water Supply Scheme to Charuvila Pandaravila colony- Madathiyara ward No.XIX in Vettikkavala Grama Panchayath | 470000 |
| 14 | SCP corpus fund- ARWSS to Pattazhi- Pookkunnumala in Thalavoor Pt.-Pipe line Extention and providing individual water supply connection to SC families in Myladompara Ward Chepakamukku colony in Melila Panchayath | 661000 |
| 15 | SCP-CORPUS PROVIDING WATER SUPPLY SCHEME TO KAMUKINCODU ALTHARAMUKAL SC COLONY WARD NO.XVI IN VETTIKKAVALA PANCHAYATH | 2500000 |
| 16 | SC-CORPUS fund-2018-19- Pipe line extension to Maruthamonpally Mishanvila colony,Vadakkumkara colony and thottumkara colony in ward no XIV of Pooyapally | 529000 |
| 17 | SC Development - Corpus Fund 2016-17-Pipe line extension to various SC Colonies in Kaduthuruthy, Kallara & Manjoor panchayath and providing water connection SC families-Kothavarakunnu 4cent Colony in Ward No.7 of Kallara panchayath. | 105,000 |
| 18 | SC Development-Corpus Fund 2016-17 - Pipeline extension to various SC colonies and providing water connection to SC families-Lakshamveedu Kavimattom colony in ward No-07 of Kallara panchayath | 428,000 |

| | | |
|---|---|---|
| 19 | SC Development-Corpus fund 2016-17-Pipeline extension to various colonies and providing water connection to SC families- -110 Ambedkar Colony in Ward No.2 of Kallara Panchayath | 472,000 |
| 20 | SC Development-Corpus fund 2016-17-pipeline extension to various colonies and providing water connection to SC families-Valel Akathanthara colony in Ward No.02 of Kallara panchayath. | 709,000 |
| 21 | SC Development-Corpus Fund 2016-17 - Pipeline extension to various SC colonies and providing water connection to SC families-Vadkkedathu Vadakkeparambu colony in Kallara panchayath | 163,000 |
| 22 | SC Development-Corpus fund 2016-17-pipeline extension to various SC families-Kurichiparambu Welfare School settlement colony in ward No.13 of Kallara Panchayath | 1,146,000 |
| 23 | SC Development Corpus fund 2016-17 – Pipeline extension and providing water connection to SC families-Ayyankovil settlement colony in Manjoor panchayath | 405,000 |
| 24 | SC Development Corpus fund 2016-17 – Pipeline extension and providing water connection to SC families-Kuzheeparambu Madhavassery colony in Manjoor panchayath | 239,000 |
| 25 | SC Development Corpus fund 2016-17 – Pipeline extension and providing water connection to SC families-Kuzheeparambu Porkunnel Settlement Colony in Ward No.12 of Manjoor panchayath Manjoor panchayath | 357,000 |
| 26 | SC Development - Corpus fund 2016-17-Pipeline extension to various SC colonies and providing water connection to SC families-Kodikuthi SC Colony in Ward No.2 of Kaduthuruthy panchayath | 516,000 |
| 27 | SC Development - Corpus fund 2016-17-Pipeline extension to various SC colonies and providing water connection to SC families-Ayamkudi Paravakkadu colony in ward No.15 of Kaduthuruthy panchayath | 596,000 |
| 28 | SC Development-Corpus fund 2016-17-Pipeline extension to various colonies and providing water connection to SC families- -Ayamkudy 4 cent Colony in Ward No.15 of Kaduthuruthy Panchayath | 250,000 |
| 29 | SC Development - Corpus fund 2016-17-Pipeline extension to various SC colonies and providing water connection to SC families-Appuzha Laksham veedu colony in ward No.15 of Kaduthuruthy panchayath | 639,000 |
| 30 | SC Development Corpus fund 2016-17 – Pipeline extension and providing water connection to SC families-Ezhumanthuruth Kollamkiri Colony in Ward No.16 of Kaduthuruthy panchayath | 954,000 |
| 31 | SC Development Corpus fund 2016-17 – Pipeline extension and providing water connection to SC families-Puthusserykara SC Sanketham colony in Kaduthuruthy panchayath | 473,000 |
| 32 | SC Development Corpus fund 2016-17 – Pipeline extension and providing water connection to SC families-Kuttikkala colony in ward No.01 of Kaduthuruthy panchayath | 685,000 |
| 33 | SC Development Corpus fund 2016-17 – Extension of pipeline from Appuzha theeradesa road towards Vallassery settlement colony in Kaduthuruthy Pt. | 1,207,000 |
| 34 | SC Development Corpus fund 2016-17 – Extension of pipeline at Ikkarakkunnu- Keechery road in Velloor Pt. | 470,000 |
| 35 | SC Development Corpus fund 2016-17 – Extension of pipeline at IHDP colony in Udayanaouram Pt. | 750,000 |
| 36 | SC Development Corpus fund 2016-17 – Extension of pipeline at Pathicherry Colony& Madathakkad Michabhoomi Colony in Njeezhoor Pt. | 504,000 |

| | | |
|---|---|---|
| 81 | SCP - Corpus Fund 2018-19 - Providing drinking water facilities in Thottivila and Chavettikkadu colony in ward no. 5 of Pazhayakunnummel Grama Panchayath | 1824100 |
| 82 | SCP - Corpus Fund 2018-19 - Providing drinking water facilities in Puliyam Padinjare colony in ward no. 6 of Pazhayakunnummel Grama Panchayath | 652000 |
| 83 | SCP - Corpus Fund 2018-19 - Providing drinking water facilities in Mulakkalathu kavu colony in ward no. 6 of Pazhayakunnummel Grama Panchayath | 690195 |
| 84 | SCP - Corpus Fund 2018-19 - Providing drinking water facilities in Vattappara colony in ward no. 6 of Pazhayakunnummel Grama Panchayath | 603300 |
| 85 | SCP - Corpus Fund 2018-19 - Providing drinking water facilities in Parayilkudi colony in ward no. 6 of Kilimanoor Grama Panchayath | 371000 |
| 86 | SCP - Corpus Fund 2018-19 - Providing drinking water facilities in Kannayamkodu palarakuzhi colony in ward no. 6 of Kilimanoor Grama Panchayath | 689500 |
| 87 | SCP - Corpus Fund 2018-19 - Providing drinking water facilities in Pulloorkunnu - oolankunnu colony in ward no. 6 of Kilimanoor Grama Panchayath | 936377 |
| 88 | SCP - Corpus Fund 2018-19 - Providing drinking water facilities in Kilikkottukonam colony in ward no. 6 of Kilimanoor Grama Panchayath | 936000 |
| 89 | SCP - Corpus Fund 2018-19 - Providing drinking water facilities in Kannankara colony in ward no. 6 of Kilimanoor Grama Panchayath | 119000 |
| 90 | MLA-SDF 2019-20 RWSS to Marukil Maranaloor Pipe line extn Ooruttambala, Nirappukonam colony in Malayinkeezhu Pt | 2500000 |
| 91 | MLA- SDF 2019-20 Kottukal GP Replacing damaged 80mm AC pipe from Chowara tank to Chowara junction | 3500000 |
| 92 | MLA- SDF 2019-20 RWSS to Uchakkada pipe line extn from Mangalathukonam to Ooruttukuzhi Naduvilakom in Venganoor GP | 1940000 |

സെക്ഷൻ ഓഫീസർ